# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5018**

**28.10.2016 - ൽ മറുപടിക്ക്**

## മുണ്ടേരി കൃഷി ഫാം

| ചോദ്യം<br>ശ്രീ. പി. വി. അൻവർ | | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) | നിലമ്പൂർ മണ്ഡലത്തിന്റെ മുണ്ടേരി കൃഷി ഫാമിൽ ഇരുന്നൂറിലധികം ഹെക്ടർ ഭൂമി തരിശായി കിടക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃഷിയിറക്കു ന്നതിനാവശ്യമായ നടപടി സ്വീകരി ക്കുമോ; | എ) മുണ്ടേരി കൃഷി ഫാമിനായി കൈമാറി ലഭിച്ചിട്ടുള്ള 505.29 ഹെക്ടർ സ്ഥലത്തിൽ 202 ഹെക്ടർ സ്ഥലം പരിസ്ഥിതി ദുർബല പ്രദേശമാണ്. ടി സ്ഥലത്ത് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയമപ്രകാരം തടസ്സമുണ്ട്. ബാക്കിയുള്ള 303.29 ഹെക്ടർ സ്ഥലത്ത് 5 ബ്ലോക്കുകളിലായി തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയ വിളകൾ നിലവിൽ കൃഷി ചെയ്ത് വരുന്നു. മറ്റ് കൃഷിയിറക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| ബി) | നിലമ്പൂർ മണ്ഡലത്തിൽ പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ. എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; | ബി) ഈ പദ്ധതിയുടെ കരട് അംഗീകരിച്ച് അന്തിമമായി പദ്ധതിയ്ക്ക് അനുമതി ലഭിക്കുമ്പോൾ മാത്രമേ ഏതൊക്കെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുവാൻ സാധിക്കുക യുള്ളൂ. നിലവിൽ ഈ പദ്ധതിയുടെ കരട് പരിശോധിച്ച് വരികയാണ്. |
| സി) | മുണ്ടേരി (നിലമ്പൂർ മണ്ഡലം) കൃഷി ഫാമിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; കാഷ്വൽ വർക്കർ മാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? | സി) മുണ്ടേരി കൃഷി ഫാമിൽ താഴെ പറയുന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ - 1<br>കൃഷി ആഫീസർ - 1<br>ഹെഡ് ക്ലർക്ക് - 1<br>ഓവർ സീയർ (ഗ്രേഡ്-1) - 1<br>ഡ്രൈവർ (ഹെവി വെഹിക്കിൾ) - 1<br>എൽ.ഡി.ക്ലർക്ക് - 1<br>ട്രാക്ടർ ഡ്രൈവർ - 3<br>പാർട്ട് ടൈം സ്വീപ്പർ - 1<br>പുരുഷന്മാരുടെ 256 ഒഴിവുകളും സ്ത്രീകളുടെ 24 ഒഴിവുകളും ഉൾപ്പെടെ ആകെ സ്ഥിരം തൊഴിലാളികളുടെ 280 ഒഴിവുകളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കാഷ്വൽ തൊഴിലാളി കളായി 175 പുരുഷന്മാരും, 8 സ്ത്രീകളും ഉൾപ്പെടെ 183 പേർക്ക് 2015 ഒക്ടോബർ മാസത്തിൽ നിയമനം നൽകുകയും ടി നിയമനം ലഭിച്ചവരിൽ 170 പുരുഷന്മാരും 8 സ്ത്രീകളും ഉൾപ്പെടെ 178 പേർ ഇപ്പോഴും ജോലി ചെയ്തു വരികയാണ്. കാഷ്വൽ തൊഴിലാളികളുടെ തസ്തിക നിലവിലില്ല. |

സെക്ഷൻ ഓഫീസർ